തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വർക്കുഷോപ്പുകൾക്ക് അനുമതി നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. വർക്ക്ഷോപ്പുകൾ നഗരസഭാ പരിധിക്കുള്ളിലാണെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 മുതൽ 451 വരെ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് വർക്ക്ഷോപ്പുകൾക്ക് അനുമതി നൽകുന്നത്.

(ബി) ഇത്തരം വർക്ക്ഷോപ്പുകളുടെ പ്രവർത്തനം നിരോധിക്കുന്നതിനും ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തുകളെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1999-ലെ കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭകളെയും അധികാരപ്പെടുത്തിയിട്ടുണ്ട്.

ദീർഘകാല വിളകളുടെ റീ-പ്ലാന്റിംഗിന് സബ്സിഡി നൽകാൻ നടപടി

13 (*32) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷി ചെയ്യുന്ന ദീർഘകാല വിളകൾ ഏതെല്ലാമാണ് :

(ബി) ഇവയിൽ വാണിജ്യവിളകൾ ഏതെല്ലാം എന്ന് അറിയിക്കുമോ ;

(സി) ഏതെല്ലാം ദീർഘകാല വിളകളുടെ റീ-പ്ലാന്റിംഗിനാണ് സബ്സിഡി നൽകി വരുന്നത് ;

(ഡി) ഇവയ്ക്ക് ഇപ്പോൾ നൽകിവരുന്ന സബ്സിഡി എത്ര വീതമാണ് ;

(ഇ) ഇപ്പോൾ സബ്സിഡി നൽകാത്ത ദീർഘകാല വിളകളുടെ റീ-പ്ലാന്റിംഗിനും സബ്സിഡി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, റബ്ബർ, ഏലം, തേയില, കാപ്പി എന്നിവയാണ് സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പ്രധാനപ്പെട്ട ദീർഘകാല വിളകൾ.

(ബി) ഇവയിൽ കുരുമുളക്, റബ്ബർ, കശുമാവ്, ഏലം, തേയില, കാപ്പി എന്നിവയാണ് വാണിജ്യ വിളകൾ.

(സി) തെങ്ങ്, കുരുമുളക്, കശുമാവ്, റബ്ബർ എന്നീ ദീർഘകാല വിളകൾക്കാണ് റീ-പ്ലാന്റിംഗിന് സബ്സിഡി നൽകി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2002-03 മുതൽ നാളിതുവരെ 6,89,011 തെങ്ങുകൾ വെട്ടിമാറ്റുകയും 3,28,592 നല്ലയിനം തെങ്ങിൻ തൈകൾ (22 രൂപ മുതൽ 27 രൂപ വരെ വിലയുള്ളവ) സൗജന്യമായി റീ-പ്ലാന്റിംഗ് നടത്തുകയും ചെയ്തു. 4475 ഹെക്ടർ കുരുമുളക് കൃഷിയിടങ്ങളിൽ റീഹാബിലിറ്റേഷൻ പ്രകാരം 67.125 ലക്ഷം രൂപ ചെലവഴിച്ച് റീ-പ്ലാന്റിംഗ് നടപ്പിലാക്കുകയും വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി റീഹാബിലിറ്റേഷനുവേണ്ടി അനുവദിച്ച 8 കോടി രൂപയുടെ പദ്ധതി പ്രകാരം 4000 ഹെക്ടറിൽ റീ-പ്ലാന്റിംഗ് നടപ്പിലാക്കുകയുമുണ്ടായി. 1310 ഹെക്ടറിൽ റീ-പ്ലാന്റിംഗ് നടത്തുവാൻ ഒരു ഹെക്ടറിന് 200 കശുമാവ് ഗ്രാഫ്റ്റുകൾ വീതം നൽകുകയും വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 2004-05-ൽ കശുമാവ് വികസനത്തിനുവേണ്ടി അനുവദിച്ച 3.11 കോടി രൂപയുടെ പദ്ധതി പ്രകാരം 2900 ഹെക്ടർ സ്ഥലത്ത് റീ-പ്ലാന്റിംഗ് നടത്തുകയുണ്ടായി. 2005-06-ലേക്കായി ഇതേ തുക തന്നെ അനുവദിച്ചിട്ടുണ്ട്. റീപ്ലാന്റിംഗ് ഒരു പോളിസിയായി എല്ലാ ദീർഘകാല വിളകൾക്കും അനുവദിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) റബ്ബർ കൃഷിക്കുള്ളപോലെ കമ്മോഡിറ്റി ബോർഡുകളുള്ള ദീർഘകാല വിളകൾക്കുള്ള റീ-പ്ലാന്റിംഗ് സബ്സിഡി അതാത് ബോർഡുകളാണ് നൽകി വരുന്നത്.

മൊബൈൽ ടവറുകൾ അപകടരഹിതമായി സ്ഥാപിക്കുന്നതിന് നടപടി

14 (*33) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് ലൈസൻസ്, ഫീസ് എന്നിവ ആവശ്യമുണ്ടോ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടിടങ്ങളുടെ മുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് മുമ്പ് ഈ കെട്ടിടങ്ങൾക്ക് ടവറുകൾ വഹിക്കാനുള്ള ശേഷിയും സുരക്ഷിതത്വവും ഉണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ ആരെയാണ് അതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളുടെ മുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) മൊബൈൽ ടവറുകൾ കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) ഉണ്ട്. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് പെർമിറ്റ് വാങ്ങേണ്ടതാണെന്ന് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുള്ള മറ്റ് വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 131 മുതൽ 142

LIBRARY ARCHIVES Kerala Legislative Assembly